**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1345** **11-09-2023 - ൽ മറുപടിയ്ക്ക്**

**കണക്കൻതുരുത്തി ഗവ. യു.പി. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016-17 കാലഘട്ടത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ മികവിന്റെ കേന്ദ്രം എൽ.പി./യു.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയ വടക്കാഞ്ചേരി പഞ്ചായത്തിലെ കണക്കൻതുരുത്തി ഗവൺമെൻറ് യു.പി. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി (2.68 കോടി) നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | വടക്കാഞ്ചേരി പഞ്ചായത്തിലെ കണക്കൽത്തുരുത്തി ഗവ. സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേജ് നിർമ്മാണത്തിന്റെ റൂഫ് ട്രസ്സ് പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. കൂടാതെ യാർഡ് ഇന്റർലോക്ക് പ്രവൃത്തിയിൽ ഗേറ്റിന്റെ പില്ലർ വർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ? | (ബി) | 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ